## പതിനാലാം കേരള നിയമസഭ

പത്താം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത

ചോദ്യം നമ്പർ: **1259.**

**06-03-2018 ൽ മറുപടിയ്ക്ക്**

## നെൽവർഷത്തിന്റെ ഭാഗമായി നടപ്പാക്കിയ പദ്ധതികൾ

**ചോദ്യം**

ശ്രീ.എ.പി. അനിൽ കുമാർ

,, വി.പി.സജീന്ദ്രൻ

,, ഐ.സി.ബാലകൃഷ്ണൻ

**മറുപടി**

ശ്രീ. വി.എസ്. സുനിൽകുമാർ

(കൃഷി വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| (എ) | 'നമ്മുടെ നെല്ല് നമ്മുടെ അന്നം' എന്ന മുദ്രാവാക്യത്തോടെ ഒരു വർഷം നീണ്ടു നിന്ന നെൽവർഷത്തിന്റെ ഭാഗമായി നടപ്പിലാക്കിയ പദ്ധതികൾ എന്തൊക്കെയായിരുന്നുവെന്ന് അറിയിക്കുമോ; | (എ) | 2016 ആഗസ്റ്റ് (ചിങ്ങം 1) മുതൽ 2017 ആഗസ്റ്റ് (ചിങ്ങം 1) വരെയുള്ള ഒരു വർഷക്കാലമാണ് നെൽ വർഷമായി ആചരിച്ചത്. പ്രസ്തുത പദ്ധതിയുടെ ഭാഗമായി സമഗ്ര നെൽകൃഷി വികസന പദ്ധതിയുടെ ഘടകങ്ങളായ സുസ്ഥിര കൃഷി വികസനം, വികസന ഏജൻസികൾക്കുള്ള ഫണ്ട്, പ്രത്യേക നെല്ലിനങ്ങളുടെ കൃഷിക്കുള്ള പ്രോൽസാഹനം, പാടശേഖരസമിതികളുടെ പ്രവർത്തന ചെലവിനായുള്ള പദ്ധതി, കരനെൽകൃഷി വികസനം, തരിശുനില കൃഷി, ഒരുപ്പൂ കൃഷി ഇരിപ്പൂ കൃഷിയാക്കുന്നതിനുള്ള പദ്ധതികൾ, നഗര പ്രദേശങ്ങളിലും വിദ്യാഭ്യാസ സ്ഥാപനങ്ങളിലും മറ്റും നെൽ കൃഷി ചെയ്യുന്നതിന് പദ്ധതിയധിഷ്ഠിത ധനസഹായം, പരിസ്ഥിതി സൗഹൃദ, സുസ്ഥിര ആശയങ്ങൾ നെൽകൃഷിയിൽ നടപ്പാക്കുന്നതിന് പദ്ധതിയധിഷ്ഠിതമായി ധനസഹായം, ബ്ലോക്ക് തലത്തിൽ പദ്ധതി സംയോജനം, പാടശേഖര സമിതികൾ സഹകരണ സ്ഥാപനങ്ങൾ, അംഗീകൃത ഗ്രൂപ്പുകൾ, വ്യക്തികൾ എന്നിവയ്ക്ക് റൈസ് മില്ലുകൾ സ്ഥാപിക്കുന്നതിനായി ധനസഹായം എന്നിവയ്ക്ക് പദ്ധതിയധിഷ്ഠിതമായി 100 ഇന പരിപാടികളും ഉദ്ദേശിച്ചിരുന്നു. അതിൽ ഇനി പറയുന്ന 10 ഇനങ്ങൾക്കാണ് പ്രാമുഖ്യം നൽകിയത്. നെല്ലുത്പാദനം, നെൽകൃഷിയും വിദ്യാഭ്യാസവും, നെൽകൃഷിയും തൊഴിൽ ലഭ്യതയും, നെൽകൃഷിയും യുവാക്കളും, നെൽകൃഷിയിലെ നൂതന സങ്കേതങ്ങൾ, നെൽകൃഷിയും പരിസ്ഥിതിയും, സംസ്കരണവും വിപണനവും, നെൽകൃഷിയും ടൂറിസവും, നെൽകൃഷിയും കായിക വിനോദ മേഖലയും, നെൽകൃഷിയും ആയുർവേദവും, നെൽകൃഷി മേഖലയുമായി ബന്ധപ്പെട്ട കലയും സംസ്കാരവും എന്നീ മേഖലകൾക്ക് മുൻതൂക്കം കൊടുത്തുകൊണ്ട് പദ്ധതികൾ തയ്യാറാക്കി നടപ്പാക്കുക ആണ് പ്രധാന ലക്ഷ്യം. |
| (ബി) | പ്രസ്തുത പദ്ധതികൾ വിലയിരുത്തിയിട്ടുണ്ടോ; അതിലൂടെ ആർജ്ജിക്കുവാൻ കഴിഞ്ഞ നേട്ടം വിശദീകരിക്കുമോ; | (ബി) | പദ്ധതിയധിഷ്ഠിതമായി നടന്ന പ്രസ്തുത പരിപാടികളുടെ വിലയിരുത്തൽ ജില്ലാ തലത്തിൽ നടന്നു വരുന്നു. പദ്ധതി പ്രവർത്തനം പൂർത്തിയാകുന്നതേയുള്ളൂ. |

| | | | |
|---|---|---|---|
| (സി) | ആറൻമുളയിലും മെത്രാൻ കായലിലും നടത്തിയ നെൽകൃഷി വിജയകരമായിരുന്നോ; അത് തുടരുന്നതിന് സ്വീകരിച്ച നടപടികൾ എന്തൊക്കെയാണ്; ആരുടെ നേതൃത്വത്തിലാണ് പ്രസ്തുത സ്ഥലങ്ങളിൽ കൃഷി തുടരുന്നതെന്ന് അറിയിക്കുമോ; | (സി) | ആറന്മുളയിൽ 2016-17 വർഷം നടത്തിയ നെൽകൃഷി വിജയകരമായിരുന്നു. 2017-18 വർഷം ആറന്മുള പദ്ധതി പ്രദേശത്ത് നെൽകൃഷിയുടെ വിസ്തൃതി മൂന്നിരട്ടിയായി വർദ്ധിച്ചു. ആറന്മുള കൃഷിഭവൻ പരിധിയിലുള്ള ആറന്മുള പുഞ്ച, നീർവിളാകം, ആറാട്ടുപുഴ, മാലക്കര, മുണ്ടകൻ പാടശേഖരം, കരിചിമുട്ടം പാടശേഖരം, തുരുത്തിവേലി, അടിച്ചിൽ, നാൽക്കാലിക്കൽ എന്നീ പാടശേഖരങ്ങളിലായി 218 ഹെക്ടർ നിലത്തിൽ കൃഷി ചെയ്തു. മല്ലപ്പുഴശ്ശേരി പഞ്ചായത്തിൽ പുന്നയ്ക്കോട്, പന്നിവേലിച്ചിറ, തെച്ചിക്കാവ് എന്നീ പാടശേഖരങ്ങളിലായി 47 ഹെക്ടർ നിലത്തിൽ നെൽകൃഷി ചെയ്തു. കോഴഞ്ചേരി പഞ്ചായത്തിൽ പോത്തോലി, നിലമേൽ, ഞാലെക്കാവ് പാടശേഖരങ്ങളിലായി 24 ഹെക്ടർ കൃഷി ചെയ്തിട്ടുണ്ട്.<br>കൃഷി വകുപ്പിലെ ജില്ലാ ബ്ലോക്ക് പഞ്ചായത്തുതല ഉദ്യോഗസ്ഥരുടെ ചുമതലയിലും ജലസേചന വകുപ്പ് ഉദ്യോഗസ്ഥരുടെയും സഹകരണത്തിലുമാണ് ടി സ്ഥലങ്ങളിൽ കൃഷി തുടരുന്നത്. വളരെ നേരത്തെ തന്നെ നടപടികൾ സ്വീകരിക്കുകയും കൃഷി ഇറക്കുകയും ചെയ്തതിനാൽ ഈ വർഷം നല്ല വിളവ് പ്രതീക്ഷിക്കുന്നു. |
| (ഡി) | തരിശ് കിടന്ന റാണി, ചിത്തിര കായൽ പാടശേഖരങ്ങളിൽ ലാഭകരമായി കൃഷി നടത്തുന്നതിന് സാധിച്ചിട്ടുണ്ടോ; വിശദമാക്കുമോ; തരിശ് കിടക്കുന്ന കൂടുതൽ കായൽ നിലങ്ങളിലേക്ക് കൃഷി വ്യാപിപ്പിക്കുന്നതിന് പ്രത്യേക പദ്ധതി ആവിഷ്കരിക്കുമോയെന്ന് വ്യക്തമാക്കുമോ? | (ഡി) | റാണി, ചിത്തിര കായൽ പാടശേഖരങ്ങളിൽ 2016-17, 2017-18 വർഷങ്ങളിൽ ലാഭകരമായി കൃഷി നടത്താൻ സാധിച്ചിട്ടുണ്ട്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു. ആലപ്പുഴ ജില്ലയിൽ കൃഷിയോഗ്യമാക്കുവാൻ കഴിയുന്ന കായൽ നിലങ്ങൾ തരിശായി കിടക്കുന്നത് കൃഷിയോഗ്യമാക്കുവാൻ നടപടികൾ നടന്നുവരുന്നു. |

| പാടശേഖരം | വർഷം | വിസ്തൃതി | ഉത്പാദനം | നെല്ലിന്റെ വിലയായി ലഭിച്ചത് |
|---|---|---|---|---|
| റാണി | 2016-17 | 189.12 ഹെക്ടർ | 785.847 മെ.ടൺ | 176.81558 ലക്ഷം രൂപ |
| റാണി | 2017-18 | 196 ഹെക്ടർ | വിളവെടുപ്പ് പൂർത്തിയാകുന്നു | |
| ചിത്തിര | 2016-17 | 178 ഹെക്ടർ | 616.63 മെ. ടൺ | 138.74378 ലക്ഷം രൂപ |
| ചിത്തിര | 2017-18 | 192 ഹെക്ടർ | വിളവെടുപ്പ് പൂർത്തിയാകുന്നു | |

സെക്ഷൻ ഓഫീസർ